അനുവദിക്കുന്ന അരി കുട്ടികൾക്ക് പാചകം ചെയ്ത് ഭക്ഷണമായി നല്കുകയും, മിച്ചം വരുന്ന അരി സൗജന്യമായി കുട്ടികൾക്ക് തന്നെ നല്കുകയും ചെയ്യുന്നതിനാൽ യാതൊരു വിധ ദുരുപയോഗവും ഉണ്ടായിട്ടില്ല. കേന്ദ്ര ഗവൺമെന്റ് കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി കഴിഞ്ഞവർഷം ആകെ തന്നത് 49446 ടൺ അരിയാണ്. അത് 100 ഗ്രാം വീതം 1 മുതൽ 5 വരെ ക്ലാസുകളിലെ കുട്ടികൾക്ക് കൊടുക്കാനായിരുന്നു നിർദ്ദേശം. കേരളത്തിൽ ആദ്യം മുതൽ തന്നെ 1 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം സൗജന്യമായി നല്കിയിരുന്നതുകൊണ്ട് 14363.16 ടൺ അരി സംസ്ഥാന ഗവ: വാങ്ങി ആകെ 63809.16 ടൺ ആണ് അവർക്ക് വിതരണം ചെയ്തത്. 1 മുതൽ 5 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് 100 ഗ്രാം അരിക്കു പകരം 60 ഗ്രാം അരിയും കൂടുതൽ പോഷകാംശം ലഭ്യമാക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് 30 ഗ്രാം പയറും കൊടുത്തിരുന്നു. കേന്ദ്ര ഗവൺമെന്റ് 1 മുതൽ 5 വരെ കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയ പോഷകാഹാരം കുറഞ്ഞ ഭക്ഷ്യധാന്യത്തെ കൂടുതൽ തുക ചെലവാക്കി പോഷകമൂല്യം കൂടിയ ഭക്ഷണം 1 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് നല്കുകയാണുണ്ടായത്. ഗവൺമെന്റിന്റെ ഈ നയപരമായ ശരിയായ തീരുമാനത്തിന് അന്വേഷണം നടത്തേണ്ട ആവശ്യമില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ പഞ്ചസാര വാങ്ങിയതിലെ ക്രമക്കേടുകൾ

109 (120) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ. ബാലകൃഷ്ണ പിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് ഏതെല്ലാം മില്ലുകളിൽ നിന്നാണ് പഞ്ചസാര ലഭിക്കുന്നത് ;

(ബി) കോർപ്പറേഷന് പ്രതിമാസം എത്ര ടൺ പഞ്ചസാര ലഭിക്കുന്നുണ്ട് ;

(സി) മില്ലിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോയിൽ ഓരോ മാസങ്ങളിലും എത്തുന്ന കാണ്ടിറ്റി പരിശോധിച്ചതിനുശേഷമാണോ മില്ലുകൾക്ക് പിന്നീട് ഓർഡർ കൊടുക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) 1999 വർഷത്തിൽ സിവിൽ സ്പ്ലൈസ് കോർപ്പറേഷൻ പഞ്ചസാര നൽകിയതുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഈ ക്രമക്കേടിനെപ്പറ്റി ജുഡീഷ്യൽ എൻക്വയറി നടത്താൻ സർക്കാർ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുവിതരണത്തിനായി കേന്ദ്ര ഗവൺമെന്റ് ലെവി പഞ്ചസാര അലോട്ട് ചെയ്യുന്നത് വിവിധ സംസ്ഥാനങ്ങളിലെ മില്ലുകളിൽനിന്നുമാണ്. മില്ലുകളിൽ നിന്നും പഞ്ചസാര എടുത്ത് താലൂക്കുതല ഡിപ്പോകളിൽ എത്തിക്കുന്ന ' ഹോൾസെയിലറുടെ' ചുമതലയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുന്നത്. സാധാരണയായി ഓരോ മാസവും വ്യത്യസ്ത മില്ലുകളിൽ നിന്നുമാണ് അലോട്ടുമെന്റ് നൽകാറുള്ളത്.

(ബി) പ്രതിമാസം ഏകദേശം 12,500 ടൺ പഞ്ചസാര ലഭിക്കുന്നുണ്ട്.

(സി) അല്ല. ഓരോ മാസവും ഏകദേശം 1300 ലോഡ് പഞ്ചസാര വിവിധ സംസ്ഥാനങ്ങളിലെ മില്ലുകളിൽ നിന്നും എടുത്ത് നമ്മുടെ സംസ്ഥാനത്തിലെ 61 താലൂക്ക് ഡിപ്പോകളിൽ എത്തിക്കേണ്ടതുണ്ട്. റോഡുമാർഗ്ഗം ഇത്രയും പഞ്ചസാര എത്തിക്കുന്നതിനു സമയമെടുക്കും. ഓരോ താലൂക്കിലും പഞ്ചസാര എന്ന് എത്തിച്ചേരുമെന്ന് കാര്യം ഉറപ്പു വരുത്തിയശേഷം മാത്രം അടുത്ത ഓർഡർ കൊടുക്കുന്നതായാൽ അനുവദിക്കപ്പെട്ട ക്വാണ്ടിറ്റി നിശ്ചിത സമയത്തിനുള്ളിൽ ലിഫ്റ്റ് ചെയ്യാൻ കഴിയാതെ വരികയും അത് ലാപ്സാവുകയും ചെയ്യാൻ ഇടവരും. ഇങ്ങനെ വരുന്ന പക്ഷം റേഷൻ പഞ്ചസാര വിതരണം മുടങ്ങിപ്പോവുകയാവും ഫലം.

(ഡി&ഇ) കോർപ്പറേഷൻ പഞ്ചസാര വാങ്ങിയതുമായി ബന്ധപ്പെട്ട് ക്രമക്കേടുകളൊന്നും ഉണ്ടായിട്ടില്ല. കോർപ്പറേഷനുവേണ്ടി മില്ലുകളിൽ നിന്നും പഞ്ചസാര എടുത്ത് താലൂക്കിലെ ഡിപ്പോകളിൽ എത്തിക്കുന്ന ചുമതല ഏൽപ്പിക്കുന്നത് ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാരെയാണ്. 1999 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ലെവി പഞ്ചസാരയും സെപ്തംബറിലെ ലെവി/ഫ്രീസെയിൽ പഞ്ചസാരയും മില്ലുകളിൽ നിന്നും ലിഫ്റ്റ് ചെയ്ത രണ്ട് ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാർ അതിൽ ഒരളവ് ഡിപ്പോകളിൽ എത്തിക്കാതെ അപഹരിച്ചതായ സംഭവം ശ്രദ്ധയിൽപ്പെടുകയും അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവരം ലഭിച്ച ഉടൻ തന്നെ കോർപ്പറേഷൻ ഈ പഞ്ചസാര ലഭിക്കാൻ വേണ്ടിയും ഇതിന്റെ വില കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കാൻ വേണ്ടിയും സിവിലായും ക്രിമിനലായും നടപടി സ്വീകരിച്ചു. എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 905/99, 30/2000 എന്നീ നമ്പരിൽ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. ഭക്ഷ്യമന്ത്രിക്ക് വിവരം ലഭിച്ച ഉടൻതന്നെ മുഖ്യമന്ത്രിയുമായും ഉയർന്ന പോലീസുദ്യോഗസ്ഥന്മാരുമായും ബന്ധപ്പെട്ട് ഒരു പ്രത്യേക ക്രൈം ഡിറ്റാച്ച്മെന്റ് രൂപീകരിച്ച് അന്വേഷണം ഊർജ്ജിതപ്പെടുത്തി ഇതേ തുടർന്ന് പ്രതികളിൽ മൂന്നു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് പ്രതികൾ ഒളിവിലാണ്. നഷ്ടം ഈടാക്കാൻ റവന്യൂ റിക്കവറി നിയമപ്രകാരം നടപടി സ്വീകരിച്ചു. അവർ ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവ് സമ്പാദിച്ചിരിക്കുകയാണ്. അത് നീക്കം ചെയ്ത് കിട്ടുവാനുള്ള നടപടി സർക്കാർ കൈക്കൊണ്ടു വരികയാണ്. പ്രതികളുടെ ബാങ്ക് ഗ്യാരന്റി കണ്ടുകെട്ടുകയും അവർക്ക് കൊടുക്കുവാൻ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ്

LIBRARY ARCHIVES Kerala Legislative Assembly

ഇനത്തിൽ ബാക്കിയുള്ള തുക പിടിച്ചുവയ്ക്കുകയുംചെയ്തിട്ടുണ്ട്. തങ്ങളുടെ ഉത്തരവാദിത്തം കൃത്യമായി നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയ ഏഴ് ഉദ്യോഗസ്ഥന്മാരെഉദ്യോഗത്തിൽ നിന്നും മാറ്റിനിറുത്തി ശിക്ഷാനടപടി എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) അതിന്റെ ആവശ്യമുണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല.

മാവേലിസ്റ്റോർ വഴി വിൽക്കുന്ന അരിയുടെ വിലവർദ്ധനവ്

110 (121) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ാമാണ്ട് ഏപ്രിൽ മാസത്തിൽ മാവേലിസ്റ്റോറുകൾ വഴി വിൽക്കുന്ന അരിയുടെ വില വർദ്ധിപ്പിക്കുകയുണ്ടായോ ;

(ബി) എങ്കിൽ എത്രവീതം വർദ്ധിപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) 2000 ഏപ്രിൽ മാസത്തിൽ ഏത് തീയതി മുതലാണ് വില വർദ്ധന നിലവിൽ വന്നത് ;

(ഡി) വില വർദ്ധന നിലവിൽ വന്ന തീയതിയിൽ മാവേലിസ്റ്റോറിന്റെ ഗോഡൗണുകളിലും വിവിധ താലൂക്ക് സ്പ്ലൈ ആഫീസുകൾ, ജില്ലാ സപ്ലൈ ആഫീസുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയുടെ ഗോഡൗണുകളിലും എത്ര അരി വീതം സ്റ്റോക്കുണ്ടായിരുന്നു ;

(ഇ) ഇവ എന്ന് ശേഖരിച്ചതാണ്.

(എഫ്) ശേഖരിക്കുന്ന സമയത്ത് ഈ അരിയുടെ വില എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വർദ്ധിപ്പിക്കുകയുണ്ടായി.

(ബി) കിലോഗ്രാമിന് 9 രൂപ 60 പൈസയായിരുന്ന അരിയുടെ വില 11 രൂപ 40 പൈസയായി വർദ്ധിപ്പിച്ചു.

(സി) 5-4-2000 മുതലാണ് വില വർദ്ധന നിലവിൽ വന്നത്.

(ഡി) വിലവർദ്ധന നിലവിൽ വന്ന തീയതിയിൽ (അതായത് 5-4-2000) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ ഉണ്ടായിരുന്ന അരിയുടെ സ്റ്റോക്ക് എത്ര എന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകളിലെ സ്റ്റോക്ക് വിവരങ്ങൾ മാസത്തിൽ നാലുപ്രാവശ്യവും (7,14,21, 28,29,30,31 തീയതികളിലും) മാവേലിസ്റ്റോറുകളിലേയ്ക്ക് മാസാവസാനത്തിലുമാണ് ശേഖരിക്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly